ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM

## പ്രധാനവാർത്തകൾ

DATE:14-08-2026

RNU TVPM

1) എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാത്രി 7 ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.

2) ചുവപ്പ് കോട്ടയിൽ നാളെ നടക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയപതാക ഉയർത്തും. സംസ്ഥാനത്തും നാളെ വിപുലമായ ആഘോഷ പരിപാടികൾ.

3) സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് രാഷ്ട്രപതിയുടെ സർവീസ് മെഡലുകൾക്ക് കേരളത്തിൽ നിന്നുള്ള 11 പേർ അർഹരായി. വിശിഷ്ട സേവനത്തിനുള്ള പോലീസ് മെഡൽ എസ്.പി ശശിധരന്.

4) ജനസൗഹൃദ പോലീസ് സ്റ്റേഷൻ ലക്ഷ്യമിട്ടുള്ള കേരള പോലീസിന്റെ 'മൈ പോലീസ് സ്റ്റേഷൻ' പദ്ധതിയ്ക്ക് സംസ്ഥാനത്ത് തുടക്കമായി. മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം നിർവഹിച്ചു

5) ബെംഗളൂരുവിന് സമീപം രണ്ട് പേർ മരിക്കാനിടയായ കെഎസ്ആർടിസി അപകടത്തിൽ, ബസിന് നേരെ മുട്ടയേറ് ഉണ്ടായോ എന്ന് പരിശോധിക്കുമെന്ന് ഗതാഗത മന്ത്രി സി.പി ജോൺ.

6) മഴക്കെടുതിയും പ്രളയവും ശാസ്ത്രീയമായി പ്രതിരോധിക്കാൻ 'കേരള ഫ്ളെഡ് റെസിലിയൻസ് ഇനിഷ്യേറ്റീവ്' നടപ്പാക്കാനൊരുങ്ങി സംസ്ഥാന സർക്കാർ.

*********************

## <u>സ്വാതന്ത്ര്യ ദിനാഘോഷം (ഇൻട്രോ)</u>

എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാത്രി 7 ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും അഭിസംബോധന പ്രക്ഷേപണം ചെയ്യും. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നാളെ രാവിലെ നടക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷപരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നേതൃത്വം നൽകും. ദേശീയപതാക ഉയർത്തിയശേഷം അദ്ദേഹം രാജ്യത്തെ അഭിസംബോധന ചെയ്യും.

RNU TVPM

### വിശദാംശങ്ങളിലേക്ക്
### (വോയ്സ്)

*യുവശക്തിക്കും, ദേശീയഗീതമായ വന്ദേമാതരത്തിനുമാണ് സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ ഇത്തവണ പ്രാധാന്യം നൽകുന്നത്. ചുവപ്പ്കോട്ടയിൽ ഇക്കുറി ആദ്യമായി വന്ദേമാതരം ആലപിക്കുന്നതിന് പുറമേ വന്ദേമാതരത്തിൻറെ മാതൃകയിൽ പുഷ്പാലങ്കാരവും ഒരുക്കും. വ്യോമസേനയുടെ എംഐ-17 ഹെലികോപ്റ്ററുകൾ ചടങ്ങിൽ പുഷ്പവൃഷ്ടി നടത്തും. സമൂഹത്തിൻറെ നാനാതുറകളിൽ നിന്നുള്ള 5,000 പ്രത്യേക അതിഥികൾ ചുവപ്പ്കോട്ടയിൽ സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് സാക്ഷ്യം വഹിക്കും. കരകൗശല വിദഗ്ധർ, വനിത സംരംഭകർ, തെരുവ് കച്ചവടക്കാർ, ടാക്സി ഡ്രൈവർമാർ തുടങ്ങിയവർ അതിഥികളിൽ ഉൾപ്പെടുന്നു.*

*സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച്ഡൽഹിയിൽ സുരക്ഷ കർശനമാക്കി. 15,000 സുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിച്ചതിന് പുറമേ സിസിടിവി നിരീക്ഷണവും കർശനമാക്കിയിട്ടുണ്ട്.*

*ന്യൂസ് ഡസ്ക്, ആകാശവാണി*

*********************

## നിയമസഭ - സ്വാതന്ത്ര്യദിനം

സംസ്ഥാനത്തും വിപുലമായ ആഘോഷ പരിപാടികളാണ് നാളെ നടക്കുന്നത്. തലസ്ഥാന നഗരിയിലും, ജില്ലാ ആസ്ഥാനങ്ങളിലും നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും ഉൾപ്പെടെ

പങ്കെടുക്കും. സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി നാളെ രാവിലെ 9:00 മണിക്ക് നിയമസഭാ സമുച്ചയത്തിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ദേശീയ പതാക ഉയർത്തും. നിയമസഭാങ്കണത്തിൽ സ്ഥാപിച്ചിട്ടുള്ള ദേശീയ നേതാക്കളുടെ പ്രതിമകളിൽ സ്പീക്കർ ഹാരാർപ്പണവും പുഷ്പാർച്ചനയും നടത്തും.

*********************

PIU TVPM

## സ്വാതന്ത്ര്യദിന ആശംസകൾ

80-ാമത് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ജനങ്ങൾക്ക് ആശംസകൾ നേർന്ന് ഗവർണറും മുഖ്യമന്ത്രിയും

പ്രതിപക്ഷനേതാവും ഉൾപ്പെടെ പ്രമുഖർ. സ്വാതന്ത്ര്യവും സമത്വവും ഐക്യവും കാത്തുസൂക്ഷിക്കേണ്ടതിൻറെ പ്രധാന്യത്തെക്കുറിച്ച് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ആശംസ സന്ദേശത്തിൽ ഓർമപ്പെടുത്തി. ജനാധിപത്യവും രാജ്യത്തിന്റെ മതേതര മൂല്യങ്ങളും സംരക്ഷിക്കേണ്ടതിൻറെ ഉത്തരവാദിത്തത്തെക്കുറിച്ച് മുഖ്യമന്ത്രി വി ഡി സതീശൻ സ്വാതന്ത്ര്യദിന സന്ദേശത്തിൽ പറഞ്ഞു. മാനവികതയും സാഹോദര്യവും നിറഞ്ഞ ഇന്ത്യയെ കെട്ടിപ്പടുക്കാൻ ഒരുമിച്ച് നിന്ന് പ്രവർത്തിക്കാമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ആശംസിച്ചു

*********************

## ദക്ഷിണ നാവിക കമാൻഡ്

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ദക്ഷിണ നാവിക കമാൻഡിന്റെ നേതൃത്വത്തിൽ നാളെ കൊച്ചി നേവൽ ബേസിലെ

ഐ.എൻ.എസ് ഗരുഡ ഹാംഗറിൽ സൈനിക പരേഡ് നടക്കും. ദക്ഷിണ നാവിക കമാൻഡ് ഫ്ലാഗ് ഓഫീസർ കമാൻഡിംഗ്- ഇൻ-ചീഫ് വൈസ് അഡ്മിറൽ സമീർ സക്സേന പരേഡ് വീക്ഷിക്കും.

*********************

## സ്വാതന്ത്ര്യദിനം - മാഹി

എൺപതാം സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി മാഹി കോളേജ് ഗ്രൗണ്ടിൽ നാളെ രാവിലെ 9 മണിക്ക് പുതുച്ചേരി പൊതുവിതരണ വകുപ്പ് മന്ത്രി  ശിവകൊളുന്തു ദേശീയ പതാക ഉയർത്തും. തുടർന്ന് നടക്കുന്ന സെറിമോണിയൽ പരേഡിൽ  മാഹി പോലീസ്, ഇന്ത്യ റിസർവ് ബറ്റാലിയൻ, പുതുചേരി ഹോം ഗാർഡ്സ്, എൻ. സി. സി, തുടങ്ങിയ സേന വിഭാഗങ്ങളോടൊപ്പം  സ്കൂൾ വിദ്യാർത്ഥികളും പങ്കെടുക്കും. .

*********************

PRNUTVPM

## വനിതകളുടെ ഒത്തുചേരൽ

സ്വാതന്ത്ര്യദിനാഘോഷത്തിൻറെ ഭാഗമായി സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിക്കുന്ന വനിതകളുടെ ഒത്തുചേരൽ ഇന്ന് രാത്രി 9.30 മുതൽ തിരുവനന്തപുരത്ത് നടക്കും. നാളെ പുലർച്ചെ ഒരു മണി വരെയാണ് പരിപാടി. മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം നിർവഹിക്കും.

*********************

## പോലീസ് മെഡൽ

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച്  രാഷ്ട്രപതിയുടെ സർവീസ് മെഡലുകൾ പ്രഖ്യാപിച്ചു. കേരളത്തിൽ നിന്നും S.P.  എസ്. ശശിധരന് വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡൽ ലഭിച്ചു. സ്തുത്യർഹ സേവനത്തിനുള്ള പോലീസ് മെഡലുകൾക്ക് ഐ.ജി രജ്പാൽ മീണ, എസ്.പി മാരായ ബിനു ആർ പിള്ള, ഉജ്വൽ കുമാർ, ഡിവൈഎസ്പിമാരായ  രവികുമാർ, സുരേഷ് ബാബു, എസ്.ഐ ജ്യോതിഷ് കുമാർ എന്നിവർ അർഹരായി. ഫയർഫോഴ്സ് എ.എസ്.ടി.ഒ മാരായ  രാജേന്ദ്രൻ നായർ, സെബാസ്റ്റ്യൻ ജോസഫ് , ജയിൽ വകുപ്പ് അസിസ്റ്റൻറ്

സൂപ്രണ്ട് സുനിൽ കുമാർ, പ്രിസൺ ഓഫീസർ മോഹൻദാസ് എന്നിവരും സ്തുത്യർഹ സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡലുകൾ സ്വന്തമാക്കി.

*********************

## മൈ പോലീസ് സ്റ്റേഷൻ

ജനസൗഹൃദ പോലീസ് സ്റ്റേഷൻ ലക്ഷ്യമിട്ടുള്ള കേരള പോലീസിന്റെ 'മൈ പോലീസ് സ്റ്റേഷൻ' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിച്ചു. പോലീസിനെക്കുറിച്ചുള്ള കാലങ്ങളായുള്ള ഭയം മാറ്റി, പോലീസ് സുഹൃത്തും സഹായിയുമാണെന്ന വിശ്വാസം ജനങ്ങളിൽ വളർത്തിയെടുക്കണമെന്ന് മുഖ്യമന്ത്രി ചടങ്ങിൽ പറഞ്ഞു. പോലീസ് സ്റ്റേഷനിലെത്തുന്ന പ്രായമായവർ, സ്ത്രീകൾ, കുട്ടികൾ തുടങ്ങി എല്ലാവരോടും ഉദ്യോഗസ്ഥർ സൗമ്യതയോടെയും സ്നേഹത്തോടെയും പെരുമാറണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

RNU TVPM

*********************

## മന്ത്രി സി.പി ജോൺ(ഇൻട്രോ)

KSRTC സൂപ്പർ ഡീലക്സ് ബസിന് നേരെ ബെംഗളൂരു-മൈസൂരു എക്സ്പ്രസ് വേയിൽ ബിഡദിക്ക് സമീപം മുട്ടയേറുണ്ടായ സംഭവത്തിൽ കെഎസ്ആർടിസി കർണാടക പൊലീസിന് പരാതി നല്കിയതായി ഗതാഗത മന്ത്രി സി.പി ജോൺ . വിഷയം ഗൗരവകരമായി പരിഗണിക്കുമെന്നും, കോഴിക്കോട് നിന്നും ബെംഗളൂരുവിലേക്ക് പോയ കെഎസ്ആർടിസി സൂപ്പർ ഡീലക്സ് ബസ് കഴിഞ്ഞ ദിവസം അപകടത്തിൽപ്പെട്ട് ഡ്രൈവറും കണ്ടക്ടറും മരിച്ച സംഭവത്തിൽ മുട്ടയേറ് ഉണ്ടായോ എന്ന് അന്വേഷിക്കുമെന്നും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു.
(ഹോൾഡ്)

*********************

## കേരള ഫ്ളെഡ് റെസിലിയൻസ് ഇനിഷ്യേറ്റീവ്

സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതിദുരന്തങ്ങളും കൊണ്ടുണ്ടാകുന്ന മഴക്കെടുതിയും പ്രളയവും ശാസ്ത്രീയമായി പ്രതിരോധിക്കാൻ 'കേരള ഫ്ളെഡ് റെസിലിയൻസ് ഇനിഷ്യേറ്റീവ് നടപ്പാക്കാനൊരുങ്ങി സംസ്ഥാന സർക്കാർ. ഇതിന്റെ ഭാഗമായി ഐ.ഐ.ടി റൂർക്കി, ഐ.ഐ.ടി പാലക്കാട്, ഐ.ഐ.ഐ.ടി കോട്ടയം എന്നിവിടങ്ങളിലെ വിദഗ്ധർ മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. നിർമിതബുദ്ധി ഉൾപ്പെടെ അത്യാധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പ്രളയ പ്രതിരോധ സംവിധാനം സംബന്ധിച്ച സമഗ്ര രൂപരേഖ വിദഗ്ധ സംഘം മുഖ്യമന്ത്രിക്ക് മുന്നിൽ അവതരിപ്പിച്ചു.

*********************

## ശബരിമല

ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട മറ്റെന്നാൾ വൈകിട്ട് അഞ്ചിന് തുറക്കും. തന്ത്രി കണ്ഠരര് ബ്രഹ്മദത്തൻ ചടങ്ങുകൾക്ക് നേതൃത്വം നൽകും. തിങ്കളാഴ്ച രാവിലെ അഞ്ചു മുതൽ പൂജകൾ ആരംഭിക്കും. ഓഗസ്റ്റ് 21 നാണ് നട അടയ്ക്കുക. പമ്പയിലേക്ക് വിപുലമായ യാത്രക്രമീകരണങ്ങൾ ഒരുക്കിയതായി കെ.എസ്.ആർ.ടി.സി അറിയിച്ചു.

*********************

## പൂച്ചട്ടി ഭവൻസ് വിദ്യാമന്ദിർ

തൃശ്ശൂർ പൂച്ചട്ടി ഭവൻസ് വിദ്യാമന്ദിറിൽ പുതുതായി നിർമ്മിച്ച അക്കാദമിക് ബ്ലോക്കിന്റെ ഔദ്യോഗിക ഉദ്ഘാടനം നാളെ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി നിർവഹിക്കും.
സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന ചടങ്ങിൽ ഭാരതീയ വിദ്യാഭവൻ തൃശ്ശൂർ കേന്ദ്രം ചെയർമാൻ ടി. എസ്. പട്ടാഭിരാമൻ അധ്യക്ഷത വഹിക്കും.

RNU TVPM

*********************

## കർണ്ണാടക-കേരളം ഓണസർവീസ്

ഓണാവധിയിലെ തിരക്ക് പരിഗണിച്ച് കർണ്ണാടകയിൽ നിന്ന് കേരളത്തിലേക്ക് കൂടുതൽ ബസ്സ് സർവീസ് അനുവദിച്ചു. കെസി വേണുഗോപാൽ എംപിയുടെ നിർദ്ദേശം പരിഗണിച്ചാണ് കേരളത്തിലേക്ക് ഈ മാസം 21 മുതൽ 25 വരെ 150 ബസ് സർവീസ് അനുവദിക്കാൻ കർണാടക സർക്കാർ തീരുമാനിച്ചത്. കർണ്ണാടകയിലേക്കുള്ള മടക്ക സർവീസുകൾ 27 മുതൽ 30 വരെയാണ് ക്രമീകരിച്ചിരിക്കുന്നത്. കൂടുതൽ ഓണം സ്പെഷ്യൽ ട്രെയിനുകൾ സംസ്ഥാനത്തേക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി ചർച്ച നടത്തിയതായും ശ്രീ കെ.സി. വേണുഗോപാൽ അറിയിച്ചു.

*********************

## കേരളം മഴ

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള 8 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

RNU TVPM

*********************

## ബിഎസ്എൻഎൽ

സ്വാതന്ത്ര്യ ദിനത്തോട് അനുബന്ധിച്ച് ഒരു രൂപയ്ക്ക് പുതിയ സിം നൽകുന്ന ഫ്രീഡം പ്ലാൻ അവതരിപ്പിച്ചതായി ബിഎസ്എൻഎൽ. ഓണത്തോട് അനുബന്ധിച്ചു നാലു പുതിയ പ്ലാനുകളും വിവിധ വിഭാഗങ്ങളിലായി അവതരിപ്പിക്കുമെന്നും ബിഎസ്എൻഎൽ ചീഫ് ജനറൽ മാനേജർ ആർ സജികുമാർ തിരുവനന്തപുരത്ത് പറഞ്ഞു.

*********************

***************

********